പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1733

21/01/2014- ൽ മറുപടി പറയേണ്ടിയിരുന്നത്

## കന്നുകാലികളിലെ കുളമ്പുരോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ:<br>ശ്രീമതി ഗീതാ ഗോപി:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. കെ. രാജു: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കുളമ്പുരോഗം പടർന്നു പിടിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) രോഗബാധ കഴിഞ്ഞ ഒരു വർഷ ത്തിനുള്ളിൽ കന്നുകാലിസമ്പത്തിനെ എത്രമാത്രം ബാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | ബി) 40684 പശു, 5755 കന്നുകുട്ടി, 5280 കിടാരി, 191 കാള, 1384 എരുമ, 2014 ആട്, 760 പന്നി എന്നിവയെ രോഗം ബാധിക്കുകയും, ഇവയിൽ 1691 പശു, 2544 കന്നുകുട്ടി, 456 കിടാരി, 90 എരുമ, 166 ആട്, 196 പന്നി എന്നിവ മരണമടയുകയും ചെയ്തു. |
| സി) പ്രസ്തുത രോഗം പൂർണ്ണമായി തടയുന്നതിന് കഴിഞ്ഞകാലങ്ങളിൽ സ്വീകരിച്ചുവന്ന പ്രതിരോധ നടപടികൾ കാലാനുസൃതമായി പരാജയപ്പെട്ടതു കൊണ്ടാണ് ഇപ്പോൾ പ്രസ്തുത രോഗം പടർന്നു പിടിക്കാൻ ഇടയായിട്ടു ള്ളതെന്ന ആക്ഷേപം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപം പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) കഴിഞ്ഞ കാലങ്ങളിൽ സ്വീകരിച്ച വാക്സിനേഷൻ പദ്ധതി പരാജയപ്പെട്ടതു കൊണ്ടാണ് രോഗം പൊട്ടിപ്പുറപ്പെട്ടതെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എങ്കിലും വാക്സിനേഷന്റെ വിവിധ ഘട്ടങ്ങളിലെയും പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് എന്തെങ്കിലും പോരായ്മ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും കൂടുതൽ കാര്യക്ഷമമായി രോഗനിയന്ത്രണ മാർഗ്ഗങ്ങൾ ആരായുകയും |

കേന്ദ്രസർക്കാർ എസ്.ആർ.ഡി.ഡി.എൽ, ബാംഗ്ലൂർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ധരുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പിലെ സാങ്കേതിക സംഘടനകളുമായി ചർച്ച നടത്തുകയും രോഗ നിയന്ത്രണത്തിനും രോഗപ്രതിരോധത്തിനും വേണ്ടിയുള്ള നടപടികൾ കൂടുതൽ ശാസ്ത്രീയമായി തന്നെ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് വാക്സിനേഷൻ വർക്കിംഗ് ഇൻസ്ട്രക്ഷൻ മാന്വൽ പ്രിന്റ് ചെയ്ത് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ട്. ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രത്യേകം പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവെയ്പ്പ് നടക്കുന്ന കാലയളവിൽ ഈ കമ്മിറ്റികൾ പ്രത്യേകം യോഗം ചേർന്ന് വാക്സിനേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ കൂടുതൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. വാക്സിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് പുറമേ വാക്സിൻ കൊണ്ടുപോകുന്ന തെർമോകോൾ പെട്ടികളുടെ അകത്ത് നിശ്ചിത താപനിലയിൽ നിറം മാറുന്ന ഇൻഡിക്കേറ്റർ പേപ്പർ പുതുതായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ ബാച്ച് വാക്സിനും

ഇങ്ങനെ പ്രത്യേകം നിരീക്ഷിക്കുകയും കർഷകരുടെ പശുക്കളിൽ ഉപയോഗിക്കുന്നതിന് മുമ്പ് ഓരോ ബാച്ചിലെയും വാക്സിൻ സർക്കാർ ഫാമിൽ ഉപയോഗിച്ച് സുരക്ഷയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതാണ്. ഇപ്പോൾ പൊട്ടിപ്പുറപ്പെട്ട രോഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് 18/02/2014 -ൽ മൃഗസംരക്ഷണ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ ചേർന്ന യോഗം ഡയറക്ടർ,പി. ഡി. എം. എം .ഡി മുക്തേശ്വറിനെ ചുമതലപ്പെടുത്തി. 100% പശുക്കളെയും കുത്തി വെയ്ക്കേണ്ടത് ആവശ്യമായതിനാൽ ഈ വിഷയത്തിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിത-പ്പെടുത്തുന്നതാണ്. രോഗാവസ്ഥ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്ത് ഉണ്ടായാൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(signature)
സെക്ഷൻ ഓഫീസർ.